1. പ്രീമിയർ ടയേഴ്സ് ലിമിറ്റഡ്.
2. ഡൺലപ്പ് ഇന്ത്യ ലിമിറ്റഡ്.
3. മദ്രാസ് റബർ ഫാക്ടറി ലിമിറ്റഡ്.
4. ഇന്ത്യാ ടയർ ആൻറ് റബർ കമ്പനി (പ്രൈവറ്റ്) ലിമിറ്റഡ്.
5. ഗുഡ് ഇയർ ഇന്ത്യാ ലിമിറ്റഡ്.
6. മോഡി റബർ ലിമിറ്റഡ്.
7. സിയറ്റ് ടയേഴ്സ് ഓഫ് ഇന്ത്യ ലിമിറ്റഡ്.
8. ഫയർസ്റ്റോൺ ടയർ ആൻറ് റബർ കമ്പനി ആഫ് ഇന്ത്യാ പ്രൈവറ്റ് ലിമിറ്റഡ്.

(സി) മേൽ കൊടുത്തിട്ടുള്ള കമ്പനികളിൽ പ്രീമിയർ ടയേഴ്സ് ലിമിറ്റഡിൽ ഗവൺമെൻറിന് 100 രൂപയുടെ 60,000 ഷെയറുകളും ഉണ്ട്.

കാർഷികാവശ്യങ്ങൾക്ക് വൈദ്യുതി നൽകുന്നതിൽ മുൻഗണന

* 50. [77] ശ്രീ. ആർ. കൃഷ്ണൻ (ആലത്തൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) കാർഷികാവശ്യങ്ങൾക്ക് വൈദ്യുതി നൽകുന്നതിൽ മുൻഗണന നൽകാൻ ഇലക്ട്രിസിറ്റി ഡിപ്പാർട്ടുമെൻറിന് നൽകിയിരുന്ന നിർദ്ദേശം ഇപ്പോഴും നിലവിലുണ്ടോ ;

(ബി) ഡിബഞ്ചർ സ്കീം നടപ്പാക്കിയപ്പോൾ ഇക്കാര്യത്തിൽ ഭേദഗതി വരുത്തിയിരുന്നുവോ ?

വിദ്യുച്ഛക്തി മന്ത്രി (ശ്രീ. എം. എൻ. ഗോവിന്ദൻ നായർ) :

(എ) ഉണ്ട്.

(ബി) ഇല്ല.

തെർമൽ പ്ലാൻറ്

* 51. [78] ശ്രീ. സി. എസ്. ഗംഗാധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി മന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒരു തെർമൽ പ്ലാൻറ് തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) വിദ്യുച്ഛക്തിക്ക് മഴയെ മാത്രം ആശ്രയിച്ചാൽ സംസ്ഥാനത്തിൻെറതന്നെ ആവശ്യങ്ങൾ മുഴുവൻ നടപ്പാക്കാൻ കഴിയാതെവന്നേയ്ക്കും എന്ന കാര്യം ഗവൺമെൻറിൻെറ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കഴിഞ്ഞവർഷം കാലവർഷം സമയത്ത് ഉണ്ടാകാതിരുന്നതു കൊണ്ട് ഇലക്ട്രിസിറ്റി ബോർഡിന് എത്ര രൂപ നഷ്ടമുണ്ടായി ;

(ഡി) ഏതേതു വിധത്തിൽ ?

വിദ്യുച്ഛക്തി മന്ത്രി (ശ്രീ. എം. എൻ. ഗോവിന്ദൻ നായർ) :

(എ) തെർമൽ പ്ലാൻറ് തുടങ്ങുന്ന കാര്യം ആലോചനയിലുണ്ട്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly